(ഇ) സെക്ഷൻ 143, 147, 148, 448, 352, 332, 427, 506(1), 395 ആർ/ഡബ്ല്യു 149 ഐ.പി.സി. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ 128, 136 ,139 എന്നീ വകുപ്പുകൾ പ്രകാരം.

(എഫ്) കുറ്റകൃത്യങ്ങൾ വ്യത്യസ്ത സ്വഭാവമുള്ളവയായതിനാൽ.

(ജി) അഖിലകക്ഷി സമാധാന യോഗത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് എസ്.പി. ഉറപ്പു നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിവരുന്നു.

ഭരണാനുമതി നൽകിയ ബോട്ടു ജട്ടികൾ

65 (66) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളിലൂടെയുള്ള കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ബോട്ടുജട്ടികൾക്ക് ഭരണാനുമതി നൽകി ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളിലൂടെയുള്ള കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 37 ബോട്ടുജട്ടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയ 37 ബോട്ടുജട്ടികളിൽ 25 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവയിൽ 3 ബോട്ടുജട്ടികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 3 ബോട്ടുജട്ടികളുടെ നിർമ്മാണത്തിന് വേണ്ടി ടെണ്ടർ ക്ഷണിച്ച് പണി തുടങ്ങുന്നതിനുവേണ്ടിയുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 6 ബോട്ടുജട്ടികൾക്ക് ദർഘാസ് ക്ഷണിക്കേണ്ട ഘട്ടത്തിലാണ്.

തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാത വികസനം

66 (67) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാത വികസിപ്പിക്കുന്നതിന് എന്തു തുക വേണ്ടി വരുമെന്നും അതിലേക്ക് ഏതെല്ലാം ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാക്കുമെന്നും എത്ര രൂപ വീതമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഈ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നെടുങ്കണ്ട മുതൽ നടയറ വരെയുള്ള ജലപാത വികസനത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാതയുടെ ഭാഗമായ കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ) വരെയുള്ള ദേശീയജലപാത III ആയി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ ഭാഗത്തു വരുന്ന എല്ലാ വികസന പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 'ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' യുടെ മേൽ നോട്ടത്തിൽ കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചാണ് ചെയ്യുന്നത്. ശേഷിക്കുന്ന ഭാഗത്തിന്റെ പുനരുദ്ധാരണ പണികൾ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയോ മറ്റ് ഏജൻസികളുടെ ധനസഹായം വഴിയോ ഏറ്റെടുത്തു നടത്തി വരുന്നു. ഇതിൽ ഉൾപ്പെടുന്ന കോവളം മുതൽ കൊല്ലം വരെയുള്ള ജലപാതയുടെ വികസനത്തിനായി 36.39 കോടി രൂപ മതിപ്പു ചെലവു വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് നബാർഡിനും കേന്ദ്ര സർക്കാരിനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ സമർപ്പിച്ചിട്ടുണ്ട്.

(ബി) കൊല്ലം-കോവളം ഭാഗത്തുൾപ്പെടുന്ന ആയൂർ മുതൽ പൂന്തുറ വരെയുള്ള 13 കി.മി.കനാലിന്റെ ചെളി നീക്കം ചെയ്ത് ആഴം കൂട്ടുന്നതിനുള്ള ജോലികൾ 181 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ടൂറിസം വകുപ്പിന്റെ സഹായത്തോടെ നടന്നു വരികയാണ്.

(സി) ഉണ്ട്. 36.39 കോടി രൂപ മതിപ്പു ചെലവു വരുന്ന പ്രോജക്ട് റിപ്പോർട്ടിൽ നെടുങ്കണ്ട മുതൽ വടകര വരെയുള്ള ജലപാതയുടെ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ ഭാഗത്തിൽ ഉൾപ്പെട്ട ചിലയൂർ-വള്ളക്കടവ് മുതൽ നടയറ വരെയുള്ള കനാലിന്റെ വികസനത്തിന് 330 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന ഒരു എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

മുല്ലപ്പെരിയാർ അണക്കെട്ടിന് കേടുപാടുകൾ

67 (68) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത കാലത്ത് സംസ്ഥാനത്ത് ഉണ്ടായ ഭൂമികുലുക്കത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന് ഏതു രീതിയിലുള്ള കേടുപാടുകൾ ആണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടണമെന്നുള്ള തമിഴ്നാട് സർക്കാരിന്റെ ആവശ്യം സംബന്ധിച്ച കാര്യത്തിൽ ഭൂമി കുലുക്കംമൂലം ഡാമിനുണ്ടായ ബലക്ഷയത്തെക്കുറിച്ച് സംസ്ഥാന സർക്കാർ സുപ്രീംകോടതിയേയും തമിഴ്നാട് സർക്കാരിനേയും രേഖാമൂലം അറിയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly